അദ്ധ്യാപക വിദ്യാർത്ഥികളുടെ ബി. ടി. കോളേജിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

* 1644. [14] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: †താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബി. ടി. കോളേജിലേയ്ക്ക് അദ്ധ്യാപകവിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു് ആരാണു്;

(ബി) എന്തു മാനദണ്ഡം വച്ചാണു് തെരഞ്ഞെടുപ്പു നടത്തുന്നതു്;

(സി) 1958-ൽ എത്ര വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു;

(ഡി) തലശ്ശേരി ബി. ടി. കോളേജിൽ എത്ര;

(ഇ) തിരഞ്ഞെടുക്കപ്പെട്ടവരിൽ ഗവണ്മെൻറ് സ്കൂളിൽ പ്രവൃത്തി എടുത്തുവരുന്നവർ എത്ര;

(എഫ്) 6 മാസത്തിൽ കുറഞ്ഞ സർവ്വീസ് ഉണ്ടായിരുന്നവർ എത്ര;

(ജി) മലബാറിൽനിന്നു് എത്രപേരെ തിരഞ്ഞെടുത്തു;

(എച്ച്) ഓരോ വിദ്യാർത്ഥിയും മുമ്പ് ജോലിചെയ്ത സ്കൂളുകളുടെ പേരു്, സർവ്വീസുകാലം എന്നിവയുടെ പട്ടിക മേശപ്പുറത്തു വയ്ക്കുമോ;

(ഐ) അവരുടെ സർവ്വീസ് വെരിഫൈ ചെയ്തിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ആരു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അദ്ധ്യാപകരായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു് വിദ്യാഭ്യാസ ഡയറക്ടറും, അദ്ധ്യാപകരല്ലാത്ത വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു് അതാതു കോളേജിലെ പ്രിൻസിപ്പാളുമ്മാരും ആണു്.

(ബി) അദ്ധ്യാപകരായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു് സീനിയാറിറ്റിയുടെ അടിസ്ഥാനത്തിലാണു്.

(സി) 1958-59-ൽ എല്ലാ ഗ്രാഡുവേറ്റു് അദ്ധ്യാപകന്മാരെയും സർവ്വീസിൻറെ റേറ്റനുസരിച്ചു് തിരഞ്ഞെടുത്തിട്ടുണ്ടു്. അദ്ധ്യാപകരല്ലാത്തവരെ എന്തെങ്കിലും പ്രത്യേക മാനദണ്ഡം വീക്ഷിച്ചു് തിരഞ്ഞെടുത്തിട്ടുള്ളതായി അറിവില്ല. 1098 പേരെ വിദ്യാഭ്യാസ ഡയറക്ടർ തിരഞ്ഞെടുത്തു.

(ഡി) 64.

(ഇ) 20.

(എഫ്) ഒന്നു്.

(ജി) 15.

(എച്ച്) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

(ഐ) ഉണ്ടു്.

(ജെ) ഡയറക്ടറാണു് വെരിഫൈ ചെയ്തിട്ടുള്ളതു്.

ശ്രീമതി കുസുമം ജോസഫ്: ബി. ടി. കോളേജിലേയ്ക്കു് അദ്ധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ എം. എസ്. സി പാസ്സായിട്ടുള്ളവരെ തിരഞ്ഞെടുക്കരുതെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

† The Question was put by Shri K. Moideen Kutty Haji.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ജോസഫ് മുണ്ടശ്ശേരി: കേരക്കണ്ടേറി സ്കൂൾ ടെയിനിംഗ് കോഴ്സിലേയ്ക്ക് തിരഞ്ഞെടുക്കുമ്പോൾ അണ്ടർ ഗ്രാഡുവേറ്റുകൾക്ക് മുൻഗണന കൊടുക്കേണ്ടതുണ്ട്. അതു കഴിഞ്ഞതിനുശേഷം മറ്റുള്ളവരുടെ കാര്യം ആലോചിക്കുന്നതാണ്.

ശ്രീമതി കുസുമം ജോസഫ്: ബി. ടി. കോളേജുകളിൽ ചിലരെ അഡ്മിറ്റ് ചെയ്തതിനുശേഷം പിരിച്ചുവിടുകയും, മറ്റു ചിലരെ അവിടെ അഡ്മിറ്റ് ചെയ്യുകയും ഉണ്ടായോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: തെറ്റായ ചില നടപടികൾ മുമ്പ് ചെയ്തിട്ടുണ്ടായിരിക്കാം. അതു തെറ്റായിപ്പോയി എന്നു കിട്ടിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങനെ തെറ്റായി അഡ്മിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരെ മാറ്റിയിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ്: സി. വത്സലാ എന്ന ക്രിസ്ത്യാനേരി സ്കൂളിലെ ഒരു ടീച്ചറെ ആദ്യം അഡ്മിറ്റ് ചെയ്യുകയും, പിന്നീട് അവരെ പിരിച്ചയയ്ക്കണമെന്നു തീരുമാനിക്കുകയും, അതിനുശേഷം അവരെ പിരിച്ചയയ്ക്കുണ്ട ആവശ്യമില്ലെന്നു ഡിപ്പാർട്ടുമെന്റ് ഓർഡർ ഇട്ടിട്ടും, വീണ്ടും അവരെ പിരിച്ചയയ്ക്കുകയും ചെയ്തതായിട്ട് അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ കുട്ടിയുടെ കാര്യത്തിൽ എന്തെല്ലാമാണ് നടന്നിട്ടുള്ളതെന്ന് അന്വേഷിച്ചതിനുശേഷമേ അറിയാവൂ. അതിനെപ്പറ്റിയും കൂടാതെ ഇക്കാര്യത്തിന്റെ പിന്നിൽ ചെലുത്തിയിട്ടുള്ള സ്വാധീനശക്തിയെപ്പറ്റിയും അന്വേഷിക്കാം.

ശ്രീമതി ലീലാ ദാമോദരമേനോൻ: മലബാറിൽ വളരെ അധികം അൺട്രെയിൻഡ് ടീച്ചേഴ്സ് ഉണ്ടെന്നും, അവർക്ക് ട്രെയിനിംഗ് ഇല്ലെന്നുള്ള കാരണത്താൽ ബി. ടി. കോളേജിൽ അഡ്മിഷൻ കിട്ടിയിട്ടില്ലെന്നും ഉള്ളതിനെ പരിഗണിച്ച് അവരെക്കൂടി സെലക്ട് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അത്തരം കാര്യങ്ങൾ ഇക്കൊല്ലം മുൻഗണന കിട്ടുന്നതാണ്.

ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സിനുള്ള തിരഞ്ഞെടുപ്പ്.

* 1645. [15] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958-ൽ ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സിനു 11 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയുണ്ടായോ;

(ബി) ഇവരെ തിരഞ്ഞെടുത്തത് പ്രത്യേക അപേക്ഷകൾ ക്ഷണിച്ചിട്ടാണോ; എം. ബി. ബി. എസ്സ്. കോഴ്സിനു അപേക്ഷിച്ചിരുന്നവരിൽ നിന്നുമാണോ;

(സി) ഈ 11 പേരും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പ്രീ-മെഡിക്കൽ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നില്ലേ;

(ഡി) 1959 ജനുവരിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സ് ആരംഭിക്കുകയുണ്ടായോ;

(ഇ) 1958-ൽ തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പ്രീ-മെഡിക്കൽ കോഴ്സ് 1959 ഏപ്രിലിൽ മാത്രം അവസാനിക്കുന്ന നിലയ്ക്ക് മെഡിക്കൽ കോളേജിൽ 1959 ജനുവരിയിൽ തുടങ്ങിയ കോഴ്സിനു എങ്ങനെ ചേരുവാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly